# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2590    09/03/2017-ൽ മറുപടിയ്ക്ക്

**മാനന്തവാടിയിലെ ബിവറേജസ് കോർപ്പറേഷൻ വിൽപ്പനകേന്ദ്രം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷൻ വിൽപ്പനകേന്ദ്രം അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടുള്ള പ്രക്ഷോഭം ആദിവാസി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ആദിവാസികൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം പ്രസ്തുത വില്പനശാല അടച്ചുപൂട്ടുവാൻ 2016 ആഗസ്റ്റ് 11-ന് ജില്ലാ കളക്ടർ ഉത്തരവ് നൽകിയിരുന്നോ; അതിനെതിരെ ബിവറേജസ് കോർപ്പറേഷൻ സ്റ്റേ വാങ്ങിയിട്ടുണ്ടോ; | (ബി) | ഉത്തരവ് നൽകിയിരുന്നു. ബിവറേജസ് കോർപ്പറേഷൻ സ്റ്റേവാങ്ങിയിട്ടുണ്ട്. |
| (സി) ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന പ്രസ്തുത മദ്യവില്പനകേന്ദ്രം അടച്ചുപൂട്ടി ആദിവാസി സമൂഹം ഇന്ന് നേരിടുന്ന മദ്യവിപത്തിൽ നിന്നും അവരെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അബ്കാരി നിയമത്തിലെ എല്ലാ നിയമങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്ന മാനന്തവാടി ബിവറേജസ് ഔട്ട് ലറ്റ് അടച്ചുപൂട്ടുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ